ശിശുക്ഷേമ സമിതിയിലെ സാമ്പത്തിക ക്രമക്കേടുകൾ

31 (1223) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. മുരളി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമ സമിതിയിലെ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി ആരിൽ നിന്നെല്ലാം ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ട് ;

(ബി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) പരാതി സംബന്ധിച്ച അന്വേഷണം നടത്തുന്നതാരാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) അന്വേഷണ റിപ്പോർട്ട് എന്നത്തേയ്ക്ക് കിട്ടും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയിലെ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് സാമൂഹ്യക്ഷേമ വകുപ്പിന് ശ്രീമതി മേഴ്സി രവി എം.എൽ.എ.യുടെ കത്തി നോടൊപ്പം ശ്രീ. ആർ.എസ്. ശിവകുമാറിൽ നിന്നും, ശിശുക്ഷേമ സമിതി മുൻ ട്രഷറർ ശ്രീ. എൻ. ചിത്രാംഗതൻ, ശ്രീ. ആർ. എസ്. ശശികുമാർ എന്നിവർ ചേർന്നും ശിശുക്ഷേമ സമിതി മുൻ ജോയിന്റ് സെക്രട്ടറി ഡോ. ശ്രീ. രാജൻ വർഗീസ്, ശ്രീ. ആർ.എസ്. ശശികുമാർ എന്നിവർ ചേർന്നും, ശ്രീ. റ്റി. ശരത്ചന്ദ്രപ്രസാദ്, എക്സ് എം.എൽ.എ.യിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന് സംസ്ഥാന ശിശുക്ഷേമ സംരക്ഷണ സമിതി ചെയർമാൻ ശ്രീ. ആർ.എസ്. ശശികുമാറിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിജിലൻസ് വകുപ്പിന് ലഭിച്ച പരാതികൾ സമർപ്പിച്ചവരുടെ പേര് വിവരം തൽക്കാലം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പിൽ ലഭിച്ച പരാതികളെ കുറിച്ച് തിരുവനന്തപുരം ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ അന്വേഷണം നടത്തുന്നുണ്ട്. ധനകാര്യ വകുപ്പിൽ ലഭിച്ച പരാതിയെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി വരുന്നു. ശിശുക്ഷേമ സമിതിയിലെ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി വിജിലൻസ് വകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണവും നടന്നു വരുന്നുണ്ട്. ഇതു സംബന്ധിച്ച ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിൽ ലഭിച്ച പരാതികളെകുറിച്ച് തിരുവനന്തപുരം ജില്ലാ സാമൂഹ്യക്ഷേമ ആഫീസറും ധനകാര്യ വകുപ്പിൽ ലഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

പരാതികളെക്കുറിച്ച് ധനകാര്യ പരിശോധനാവിഭാഗവും വിജിലൻസ് വകുപ്പിൽ ലഭിച്ച പരാതിയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ജില്ലാ യൂണിറ്റും തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുമാണ് അന്വേഷണം നടത്തുന്നത്.

(ഡി) ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ജൂലൈ മാസം അവസാനവും വിജിലൻസ് റിപ്പോർട്ട് അന്വേഷണം തീരുന്ന മുറയ്ക്കും ലഭിക്കുന്നതാണ്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

'ഒരുകപ്പുപാലും ഷേക് ഹാൻഡും' എന്ന പദ്ധതി

32 (1224) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കപ്പുപാലും ഷേക് ഹാൻസും എന്ന പദ്ധതി ഏത് പ്രായം വരെയുള്ള കുട്ടികൾക്കാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എത്ര കുട്ടികളാണ് ;

(സി) ഈ പദ്ധതിക്കാവശ്യമായ പാൽ ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കുന്നത് ;

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ഇ) ഈ അദ്ധ്യയന വർഷം ആരംഭിച്ചതിന് ശേഷം ഈ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറുമാസം മുതൽ ആറുവയസ്സുവരെ പ്രായമുള്ള അംഗൻവാടി കുട്ടികൾക്ക്.

(ബി) 6.67 ലക്ഷം കുട്ടികൾ

(സി) മിൽമ/അപ്കോസ് വഴി ലഭ്യമാക്കുന്നു.

(ഡി) ഉണ്ട്.

(ഇ) എല്ലാ സ്ഥലങ്ങളിലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(എഫ്) എല്ലാ സ്ഥലങ്ങളിലും മിൽമാ ഏജൻസികളോ, അപ്കോസോ ഇല്ലാത്തതുകൊണ്ടും, പാൽ വിതരണം വർഷത്തിൽ 200 ദിവസം എന്നു

LIBRARY ARCHIVES Kerala Legislative Assembly